(സി) സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുവാൻ നിത്യേന പ്രസ് റിലീസ് ഇറക്കി അച്ചടി/ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് നൽകി വരികയാണ്. അവശ്യം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ പ്രത്യേക പത്രക്കുറിപ്പ് ഇറക്കുന്നുണ്ട്. വാർത്തകൾ ഒരു മാസത്തിനുശേഷം വീണ്ടും റിവ്യൂ ചെയ്ത്, സംഗ്രഹിച്ച്, മാധ്യമങ്ങൾക്ക് നൽകിയാൽ അവയ്ക്ക് പുതുമ ഇല്ലാതാകും എന്നതിനാൽ പ്രസിദ്ധീകരണ യോഗ്യമായിരിക്കില്ല.

മുഖ്യമന്ത്രിയുടെ പത്രസമ്മേളനം

108 [113] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിദേശ മാധ്യമ പ്രവർത്തകരുടെ പത്രസമ്മേളനം നടത്തിയത് ഏത് ഹോട്ടലിൽ വച്ചാണ്;

(ബി) ഇതിൽ ഏതെല്ലാം മാധ്യമങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു;

(സി) ഇതിനുവേണ്ടി എത്ര തുക സർക്കാർ ചെലവഴിച്ചു; ഈ പത്രസമ്മേളനത്തിൽ മദ്യസൽക്കാരം ഉണ്ടായിരുന്നോ; ഇതിന് എത്ര തുക ചെലവായി; ഈ തുക ആരാണ് ചെലവിട്ടത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രി ഒരു ഹോട്ടലിൽവച്ചും വിദേശ മാധ്യമ പ്രവർത്തകരുടെ പത്രസമ്മേളനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കൊച്ചിയിൽ സ്മാർട്ട് സിറ്റി

109 [114] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. ബാബു:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുവാനുള്ള അന്തിമ തീരുമാനമായോ;

LIBRARY ARCHIVES Kerala Legislative Assembly